DESPATCHED
On..21/02/22...



16/2/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
**തിരുവനന്തപുരം 695 001**

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1829(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 15726/SIC-G4/2021)**

സന്നിഹിതൻ

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഫെബ്രുവരി 16**

ശ്രീ. പി.സി.സ്കറിയ,
പുതുമന ഹൗസ്,
പി.ഒ. അമയന്നൂർ, മണർകാട്,
കോട്ടയം – 686 019. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & വില്ലേജ് ഓഫീസർ, മണർക്കാട് വില്ലേജ് ഓഫീസ്, കോട്ടയം.
2) അപ്പീൽ അധികാരി & തഹസിൽദാർ, താലൂക്ക് ഓഫീസ്, കോട്ടയം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 27/01/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 17/02/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 09/03/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 24/03/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 10/08/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 01/12/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 09/12/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 31/12/2021 |
| ഹിയറിംഗ് നടന്ന തീയതി | 15/02/2022 –വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. പി.സി.സ്കറിയ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭിക്കാത്തതിനാൽ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ച പ്രകാരം ഹർജിക്കാരന് വിശദമായ മറുപടി തയ്യാറാക്കി നൽകാൻ അപ്പീൽ അധികാരി വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകിയിരുന്നു എന്നും എന്നിട്ടും നാളിതുവരെ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെന്നും ആയതിനാൽ ടിയാന്റെ അപ്പീൽ സ്വീകരിച്ച് നിയമപ്രകാരമുള്ള മേൽനടപടികൾ ഉണ്ടാകണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 27.01.2021-ന് സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, 1.10.2020-ന് ടിയാന്റെ പിതാവിന്റെ രജിസ്റ്റേർഡ് വിൽപ്പത്ര പ്രകാരം ഹർജിക്കാരന് ലഭിച്ച വസ്തുക്കൾ പോക്കുവരവിനായി ഒരു അപേക്ഷ എതിർകക്ഷി ഓഫീസിൽ സ്ഥാപിച്ചിരിക്കുന്ന പെട്ടിയിൽ നിക്ഷേപിച്ചിരുന്നത് സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ നൽകണമെന്നാണ്:

i. എതിർകക്ഷി ഓഫീസിനു മുന്നിൽ സ്ഥാപിച്ചിരിക്കുന്ന പെട്ടിയിൽ നിക്ഷേപിക്കുന്ന അപേക്ഷകൾ നഷ്ടപ്പെട്ടാൽ അതിന് ഉത്തരവാദി എതിർകക്ഷി ഓഫീസ് ആണോ എന്നും അതോ അപേക്ഷകനാണോ എന്നും

ii. ആ പ്രാവശ്യം അപേക്ഷകൾ sort out ചെയ്ത ഉദ്യോഗസ്ഥൻ ഉത്തരവാദിത്വ രഹിതമായി 16-ലധികം പേജുകൾ വരുന്ന അപേക്ഷ നഷ്ടപ്പെടുത്തിയതിന് നിയമപരമായ മേൽനടപടി സ്വീകരിക്കുമോ എന്നും

iii. 1.10.2020-ൽ ടിയാൻ സമർപ്പിച്ച ഒറിജിനൽ അപേക്ഷ ഫയലുകൾ കണ്ടുപിടിച്ച് തിരികെ തരുമോ എന്നും മറ്റുമായി 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 17.02.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, കോട്ടയം എ.എസ്.ആർ.ഒ.യിലെ 73/1983-ാം നമ്പർ വിൽപ്പത്രം പോക്ക് വരവ് ചെയ്യുന്നതിനായി 1.10.2020, 11.11.2020 എന്നീ തീയതികളിലായി സമർപ്പിച്ച അപേക്ഷ പരിഗണിച്ചിട്ടുള്ളതും, ആയത് റീസർവ്വെക്കു മുമ്പുള്ള ആധാരമായതിനാൽ താലൂക്ക് സർവ്വെയർ മുഖാന്തരം സ്ഥലപരിശോധന നടത്തി പോക്കുവരവ് തുടർനടപടികൾ സ്വീകരിക്കുന്നതിന് ഹർജിക്കാരൻ ടി ആഫീസിൽ സമർപ്പിച്ച അപേക്ഷകൾ സഹിതം 30.1.2021-ന് 34/2021-ാം നമ്പറായി റിപ്പോർട്ട് തഹസിൽദാർ, കോട്ടയത്തിന് കൈമാറിയിട്ടുള്ളതാണെന്നും താലൂക്ക് ഓഫീസ് കോട്ടയത്തു നിന്നുമുള്ള നിർദ്ദേശ പ്രകാരം മാത്രമേ പോക്കുവരവ് തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളു എന്നുമാണ്. തുടർന്ന് ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയോടൊപ്പമുണ്ടായിരുന്ന വിൽപ്പത്രം റീസർവ്വെയ്ക്ക് മുമ്പുള്ളതാകയാൽ താലൂക്ക് ആഫീസിലെ എൽ.ആർ.എം. വിഭാഗം മുഖേനയെ പോക്കുവരവ് ചെയ്യാൻ സാധിക്കൂ എന്നതിനാൽ ടിയാന്റെ അപേക്ഷയിന്മേലുള്ള റിപ്പോർട്ട് 30.1.2021-ന് താലൂക്ക് ഓഫീസിലേയ്ക്ക് അയച്ചിട്ടുള്ളതായി സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & വില്ലേജ് ഓഫീസർ, മണർക്കാട് അറിയിക്കുകയുണ്ടായി

എന്നും ഇക്കാര്യം അറിയിച്ചുകൊണ്ട് വിശദമായി മറുപടി തയ്യാറാക്കി തപാൽമാർഗ്ഗം അപേക്ഷകന് നൽകുന്നതിന് എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നുമാണ്.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 27.1.2021-ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് 17.2.2021-ന് മറുപടി നൽകിയിട്ടുള്ളതാണെന്നും മേൽപ്പടി മറുപടിയ്ക്കെതിരെ ഒന്നാം അപ്പീൽ അധികാരി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷ 24.3.2021-ന് തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിലെ നിർദ്ദേശ പ്രകാരം 8.4.2021-ന് വിവരങ്ങൾ ഹർജിക്കാരനെ അറിയിച്ചിട്ടുള്ളതാണെന്നും കമ്മീഷൻ ഓഫീസിൽ അപ്പീൽ സമർപ്പിച്ചതിനെ തുടർന്ന് 10.12.2021-ൽ 34/21 നമ്പർ കത്ത് പ്രകാരവും വിശദമായ മറുപടി നൽകിയിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ 27.1.2021-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് 17.2.2021-ന് പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയായിരുന്ന ശ്രീമതി ഷീലമ്മ കെ.ജി മറുപടി നൽകിയതായി കാണുന്നു. എന്നാൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിലെ 6 ഇനങ്ങളിലായി ഉന്നയിച്ചിരുന്ന ചോദ്യങ്ങൾക്ക് എന്തുകൊണ്ടാണ് ഖണ്ഡിക തിരിച്ചുള്ള മറുപടി നൽകാതിരുന്നത് എന്നത് സംബന്ധിച്ചും ഒന്നാം അപ്പീൽ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വിശദമായ മറുപടി തയ്യാറാക്കി നൽകാതിരുന്നതിലും ടി അപ്പീൽ തീർപ്പുമായി ബന്ധപ്പെട്ട് 24.3.2021-ൽ രണ്ടാം എതിർകക്ഷി നടത്തിയ വിചാരണയിൽ പങ്കെടുക്കാതിരുന്നത് സംബന്ധിച്ചുമുള്ള വിശദീകരണം 28.2.2022-നകം പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയായിരുന്ന ശ്രീമതി ഷീലമ്മ കെ.ജി., കമ്മീഷൻ മുമ്പാകെ ഹാജരാക്കേണ്ടതാണ്. ആയതിലേയ്ക്കായി പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ. ആയിരുന്ന ശ്രീമതി ഷീലമ്മ കെ.ജി.ക്ക് കമ്മീഷൻ സെക്രട്ടറി കാരണം കാണിക്കൽ നോട്ടീസ് നൽകേണ്ടതാണ്.

6. കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ടതിനെ തുടർന്ന് 17.12.2021-ന് ഖണ്ഡിക തിരിച്ചുള്ള വിശദമായി മറുപടി ഹർജിക്കാരന് നൽകിയിട്ടുള്ളതായി കാണുന്നതിനാൽ ഇക്കാര്യത്തിൽ മറ്റ് നിർദ്ദേശങ്ങൾ ഒന്നും കമ്മീഷൻ പുറപ്പെടുവിക്കുന്നില്ല.

7. വസ്തു പോക്കുവരവുമായി ബന്ധപ്പെട്ട് എൽ.ആർ.എം. വിഭാഗം മുഖാന്തിരം നടപടി സ്വീകരിക്കുന്നതിന് ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷ 30.1.2021-ന് ഒന്നാം എതിർകക്ഷി താലൂക്ക് ഓഫീസിലേക്ക് അയച്ചിട്ടുള്ളതാണെന്നും എന്നാൽ ടി അപേക്ഷയിന്മേൽ യാതൊരു നടപടിയും നാളിതുവരെ എതിർകക്ഷികൾ സ്വീകരിച്ചിട്ടില്ലെന്നും കമ്മീഷന് ബോധ്യമാകുന്നു. ആയതിനാൽ രണ്ടാം എതിർകക്ഷി

ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തി ടി അപേക്ഷയിന്മേൽ സത്വരനടപടി സ്വീകരിച്ച് ഹർജിക്കാരന് വിവരം നൽകണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

8. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പിൽ ഹർജി ഇന്നേ ദിവസം 2022 ഫെബ്രുവരി 16-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

പകർപ്പ് : 1) ജില്ലാ കളക്ടർ, കോട്ടയം.
2) തഹസിൽദാർ, താലൂക്ക് ഓഫീസ്, കോട്ടയം.

} In Name Cover

(കമ്മീഷൻ ഉത്തരവിലെ 5-ാം ഖണ്ഡികയിലെ നിർദ്ദേശം സമയബന്ധിതമായി പാലിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി)

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

us